**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3291** **25-10-2021 - ൽ മറുപടിയ്ക്ക്**

**റവന്യൂ ഡാഷ് ബോർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റവന്യൂ വകുപ്പിനെ ജനസൗഹൃദമാക്കുന്നതിന്റെ ഭാഗമായി റവന്യൂ ഡാഷ് ബോർഡ് എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | (എ) | വിഷൻ & മിഷൻ 2021-26 എന്ന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ നിയമസഭാസാമാജികരുടേയും അഭിപ്രായങ്ങളും നിവേദനകളും ശുപാർശകളും കേൾക്കുന്നതിനും സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിനുമായി റവന്യൂ അസംബ്ലി എന്ന പേരിൽ ഒരു സംവിധാനം രൂപീകരിച്ചിട്ടുണ്ട്. ടി യോഗത്തിൽ സാമാജികർ തങ്ങളുടെ മണ്ഡലവുമായി ബന്ധപ്പെട്ടും പൊതുവായും സമർപ്പിച്ച നിവേദനങ്ങളും ശുപാർശകളും അഭിപ്രായങ്ങളും ഉൾപ്പെടുത്തി ഡാഷ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. നിയമസഭാസാമാജികർ സമർപ്പിച്ച അഭിപ്രായങ്ങളും ശുപാർശകളും നിർദ്ദേശങ്ങളും പരിശോധിച്ച് പ്രാധാന്യം മനസ്സിലാക്കി നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കി, റവന്യൂ വകുപ്പ് കാര്യക്ഷമമാക്കി വകുപ്പിനെ കൂടുതൽ ജനോപകാരപ്രദമാക്കുക എന്നുള്ളതാണ് ഇത് കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (ബി) | നിയമസഭാ സാമാജികർ നൽകുന്ന കത്തുകളിന്മേൽ വില്ലേജ് ഓഫീസ് മുതൽ റവന്യൂ സെക്രട്ടറിയുടെ ഓഫീസ് വരെയുള്ള മേഖലകളിൽ നടക്കുന്ന നടപടിക്രമങ്ങളുടെ തത്സമയ വിവരം ശേഖരിക്കുന്നതിന് ഇത് സഹായകമാകുമോ; വിശദമാക്കുമോ; | (ബി) | ഡാഷ് ബോർഡിൽ നിയമസഭാ സാമാജികർക്ക് പ്രത്യേകമായി ലോഗിൻ അനുവദിച്ചിട്ടുണ്ട്. അതുവഴി നിയമസഭാ സാമാജികർക്ക് റവന്യൂ അസംബ്ലിയിൽ തങ്ങൾ ഉന്നയിച്ച അഭിപ്രായങ്ങളുടെയും സമർപ്പിച്ച നിവേദനങ്ങളുടെയും ശുപാർശകളുടെയും നിലവിലെ സ്ഥിതി വിവരം അറിയാവുന്നതാണ്. |
| (സി) | ഈ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ പരിശീലനം റവന്യൂ വകുപ്പിലെ എല്ലാ ജീവനക്കാർക്കും നൽകിയിട്ടുണ്ടോ; പദ്ധതി സംബന്ധിച്ച് മറ്റ് ആർക്കൊക്കെയാണ് പരിശീലനം നല്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; ഏതെല്ലാം ഏജൻസികളുടെ | (സി) | ഡാഷ് ബോർഡുമായി ബന്ധപ്പെട്ട് 14 ജില്ലകളിലും ആർ.ആർ.ഡെപ്യൂട്ടി കളക്ടർമാരെ നോഡൽ ഓഫീസറായി നിയോഗിച്ച് പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ട്. സെല്ലിലെ നോഡൽ ഓഫീസർക്കും അംഗങ്ങളായ സൂപ്രണ്ടിനും ക്ലാർക്കിനും തിരുവനന്തപുരം ഐ.എൽ.ഡി.എം-ൽ വച്ച് ഡാഷ് |

| | | | |
|---|---|---|---|
| | സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ; | | ബോർഡിനെ സംബന്ധിച്ച് പരിശീലനം നൽകിയിട്ടുണ്ട്. |
| (ഡി) | റവന്യൂ വകുപ്പും ഇതര വകുപ്പുകളുമായി ബന്ധപ്പെട്ട് ദീർഘകാലമായി പെൻഡിങ്ങിലുള്ള ഫയലുകൾ തീർപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് ഈ സംവിധാനം എപ്രകാരമെല്ലാം സഹായകരമാകുമെന്ന് വിശദമാക്കുമോ? | (ഡി) | വിവിധ തലങ്ങളിൽ ഡാഷ് ബോർഡുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് സംവിധാനമുണ്ട്. ആയതിനാൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പുതുതായി ഉയർന്നു വന്നിട്ടുള്ള പരാതികളുടെയും താലൂക്ക് ഓഫീസ്, കളക്ടറേറ്റുകൾ, റവന്യൂ ഡിവിഷണൽ ഓഫീസ്, സബ് ഓഫീസുകൾ എന്നിവിടങ്ങളിൽ ദീർഘകാലമായി കുടിശ്ശികയുള്ള ഫയലുകളുടെയും തീർപ്പാക്കലിന് ഈ സംവിധാനം സഹായകമാകും |

സെക്ഷൻ ഓഫീസർ